LIBRARY ARCHIVES Kerala Legislative Assembly

ചാരായ നിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസം

116 [279] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാരായ നിരോധനംവഴി സംസ്ഥാനത്ത് എത്ര തൊഴിലാളികൾക്കാണ് തൊഴിൽ നഷ്ടപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അതിൽ എത്ര തൊഴിലാളികളെ തൊഴിൽ നൽകി പുനരധിവസിപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഹൈക്കോടതി വിധിപ്രകാരം ബാക്കി വരുന്ന തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് ഇപ്പോൾ എത്ര കള്ള് ഷാപ്പുകൾ, ബാറുകൾ, ബിയർ പാർലറുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചാരായ നിരോധനംവഴി സംസ്ഥാനത്ത് 12,948 പേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്.

(ബി) ഇതിൽ 4352 ചാരായ തൊഴിലാളികളെ കള്ളുഷാപ്പുകളിൽ നിയമിച്ചു കൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) ഒരു കള്ളുഷാപ്പിൽ ഒരു ചാരായ തൊഴിലാളിയെ വീതം നിയമിക്കുക എന്നതാണ് സർക്കാരിന്റെ നയം. ഇതനുസരിച്ചുള്ള നടപടികൾ എടുത്തിട്ടുണ്ട്. ബാക്കിയുള്ളവരെ നിയമിക്കുവാൻ ഒഴിവുകളുടെ അഭാവത്തിൽ നടപടി കൈക്കൊള്ളുവാൻ നിർവാഹമില്ല

(ഡി) ആകെ 4362 കള്ളുഷാപ്പുകൾ ഉള്ളതിൽ 4165 ഷാപ്പുകൾക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്. കൂടാതെ 507 ബാറുകളും 46 ബിയർ പാർലറുകളും പ്രവർത്തിക്കുന്നു.

വ്യാജചാരായ ദുരന്തങ്ങളും സ്പിരിറ്റ് കള്ളക്കടത്ത് കേസ്സുകളും

117 [280] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര വ്യാജ ചാരായ ദുരന്തങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) പ്രസ്തുത ദുരന്തങ്ങളിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;